13525
23/12/20

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദ സഞ്ചാര വകുപ്പ് - കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ (കെ ടി ഡി സി) അസിറ്റന്റ് കുക്ക് തസ്തികയിൽ ജീവനക്കാരനായിരുന്ന പരേതനായ കെ രവീന്ദ്രന്റെ മകൻ ശ്രീ. അരുൺദാസ്.ആർ-ന് ആശ്രിതനിയമനത്തിനായുള്ള അപേക്ഷ സമർപ്പിക്കുന്നതിൽ വരുത്തിയ കാലവിളംബം മാപ്പാക്കി ആശ്രിതനിയമന പദ്ധതി പ്രകാരം ജോലി നൽകുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വിനോദസഞ്ചാര (ബി) വകുപ്പ്

സ.ഉ.(കൈ) നം.12/2020/ടൂറിസം തീയതി,തിരുവനന്തപുരം, 21/12/2020

---

പരാമർശം:- 1 സർക്കാർ ഉത്തരവ് (പി ) 32 / 2007 / പ്ലാനിംഗ് തീയതി 07.06.2007

2 സർക്കാർ ഉത്തരവ് (പി )18/2018/പ്ലാനിംഗ് തീയതി 22.11.2018

3 കെ ടി ഡി സി യിൽ അസിറ്റന്റ് കുക്ക് തസ്തികയിൽ ജീവനക്കാരനായിരുന്ന പരേതനായ കെ രവീന്ദ്രന്റെ മകൻ ശ്രീ അരുൺദാസ് സമർപ്പിച്ച 07.07.2018 തീയതിയിലെ അപേക്ഷ

4 തിരുവനന്തപുരം , ജില്ലാ കളക്ടറുടെ 11.10.2020 തീയതിയിലെ ഡിസി ടിവിഎം /4219/2019 -എസ്6 നമ്പർ കത്ത്

5 കെ ടി ഡി സി , മാനേജിങ് ഡയറക്ടറുടെ 07.11.2019 തീയതിയിലെ കെ ടി ഡി സി / പി എ (2 )/ ഡി എച്ച് / 2019 നമ്പർ കത്ത്

**ഉത്തരവ്**

കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ (കെ ടി ഡി സി) അസിറ്റന്റ് കുക്ക് തസ്തികയിൽ ജോലി ചെയ്തു വരവേ 07.11.2002 -ൽ പരേതനായ കെ രവീന്ദ്രന്റെ മകനായ കാച്ചാണി , ചന്തവിള , പീപ്പിൾ നഗർ അരുൺ നിവാസിൽ ശ്രീ അരുൺദാസ്.ആർ-ന് ആശ്രിതനിയമന പദ്ധതി പ്രകാരം ജോലി നൽകുവാൻ വേണ്ടി കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ പരാമർശം (5) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2 ) ശ്രീ അരുൺദാസ് ആർ- ന്റെ ജനന തീയതി 17 .05 1994 ആണ് . ശ്രീ അരുൺദാസ് ആർ. ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിച്ചത് 07-07-2018 തീയതിയാണ്. ആശ്രിതനിയമനത്തിന് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അപേക്ഷകന് 18 വയസ്സ് തികഞ്ഞു 5 വർഷത്തിനകം ആശ്രിത നിയമത്തിനുള്ള അപേക്ഷ സമർപ്പിച്ചിരിക്കണം. എന്നാൽ ശ്രീ അരുൺദാസ് ആർ. ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിച്ചത് ടിയാന് 18 വയസ്സ് തികഞ്ഞ് 6 വർഷം കഴിഞ്ഞാണ്. കെ ടി ഡി സി യിൽ ബിൽ ക്ലാർക്ക് തസ്തികയിൽ നിയമനത്തിന് അപേക്ഷിച്ചിട്ടുള്ള ശ്രീ അരുൺ ദാസ് ആർ , എസ് എൽ എൽ സി പരീക്ഷ വിജയിച്ചിട്ടുണ്ട്. മരണപ്പെട്ട

ജീവനക്കാരന്റെ ആശ്രിതരിൽ ആരും തന്നെ ഈ പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ ജോലി സ്വീകരിക്കുകയോ ചെയ്തിട്ടില്ല എന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

3) മാനസികാസ്വാസ്ഥ്യത്തിന് ചികിത്സയിലായിരുന്ന മാതാവിന്റെ ചികിത്സയ്ക്കും സംരക്ഷണത്തിനും പരിചരണത്തിനുമായി സമയം ചെലവഴിക്കേണ്ടി വന്നതും വീട്ടിലെ പരിതാപകരമായ അവസ്ഥയുമാണ് അപേക്ഷ സമർപ്പിക്കുന്നതിൽ കാലതാമസത്തിന് ഇടയാക്കിയത് എന്നും ഇത് കണക്കിലെടുത്തു മാനുഷിക പരിഗണന നൽകി അപേക്ഷ സമർപ്പിക്കുന്നതിൽ മനഃപൂർവ്വമല്ലാതെ സംഭവിച്ച കാലതാമസത്തിന് മാപ്പ നൽകി തന്റെ അപേക്ഷ പരിഗണിക്കണമെന്നും ശ്രീ.അരുൺ ദാസ്.ആർ അപേക്ഷിച്ചിരുന്നു.

4) മേൽ സാഹചര്യത്തിൽ സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം കെ.ടി.ഡി.സി യിലെ 9190-15780 ശമ്പള സ്കെയിലിലുള്ള ബിൽ ക്ലാർക്ക് തസ്തികയിൽ ശ്രീ അരുൺ ദാസ് ആർ.ന് സർക്കാരിന്റെ അനുമതിയ്ക്കു വിധേയമായി ജോലി നൽകുന്നതിന് സർക്കാരിലേക്ക് ശിപാർശ ചെയ്യാൻ കെ ടി ഡി സി യുടെ ബോർഡ് യോഗത്തിൽ തീരുമാനമെടുത്തു. ശ്രീ.അരുൺദാസ്.ആർ-ന് ആശ്രിതനിയമനം നൽകുന്നതിനായുള്ള അപേക്ഷ നിലവിലുള്ള ഉത്തരവുകൾ പ്രകാരം ജില്ലാകളക്ടറുടെ റിപ്പോർട്ട് ഉൾപ്പെടെയുള്ള എല്ലാ രേഖകളോടും കൂടി കെ ടി ഡി സി മാനേജിംഗ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചു.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൻെറ അടിസ്ഥാനത്തിൽ പരാമർ ശം 1 ,2 ഉത്തരവുകൾ ക്കും , അപേക്ഷകന്റെ പ്രായം , വിദ്യാഭ്യാസ യോഗ്യത, സ്വഭാവം, പൂർവചരിത്രം, ശാരീരിക ക്ഷമത എന്നിവ സംബന്ധിച്ച് നിയമനാധികാരിയുടെ പരിശോധനയ്ക്കും വിധേയമായി കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ (കെ.ടി.ഡി.സി) അസിസ്റ്റന്റ് കുക്ക് ആയി ജോലി ചെയ്തു വരവേ മരണമടഞ്ഞ കെ.രവീന്ദ്രന്റെ മകൻ ശ്രീ.അരുൺ ദാസ്.ആർ ആശ്രിതനിയമനത്തിനായുള്ള അപേക്ഷ സമർപ്പിക്കുന്നതിൽ വരുത്തിയ കാലവിളംബം മാനുഷിക പരിഗണന നൽകി മാപ്പാക്കി കെ ടി ഡി സി യിലെ Rs: 9190 - 15780 എന്ന ശമ്പള സ്കെയിലിലുള്ള ബിൽ ക്ലാർക്ക് തസ്തികയിൽ നിലവിലുള്ള ആശ്രിത നിയമനവ്യവസ്ഥയനുസരിച്ച് നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

6) കെ ടി ഡി സി മാനേജിങ് ഡയറക്ടർ അപേക്ഷകന് നിയമന ഉത്തരവ് നൽകേണ്ടതും, അപേക്ഷകന്റെ ആശ്രിത നിയമനത്തിനുള്ള സീനിയോറിറ്റി അപേക്ഷകൻ നൽകിയ സാധുവായ അപേക്ഷയുടെ തീയതി പ്രകാരമായിരിക്കേണ്ടതുമാണ്. ആശ്രിതന് ആശ്രിതനിയമന പദ്ധതി പ്രകാരം ജോലിനൽകുന്നത് സംബന്ധിച്ച് എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും പരേതന്റെ സേവന പുസ്തകത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ ആയതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിൽ പരാമർശിക്കുന്ന പ്രകാരം ചെയ്യേണ്ടതാണ്. അപേക്ഷകൻ അപേക്ഷ നൽകിയ സമയത്തോ, പരാമർശത്തിൽ പ്രതിപാദിക്കുന്ന സർക്കാർ ഉത്തരവുകൾ പ്രകാരം വകുപ്പ് തല അന്വേഷണത്തിലോ വിവരങ്ങൾ തെറ്റായി ബോധിപ്പിക്കുകയോ രഹസ്യമായി വയ്ക്കുകയോ ചെയ്തതായി തെളിഞ്ഞാൽ ആശ്രിതനിയമന പദ്ധതി പ്രകാരം നൽകിയ ജോലി റദ്ദ് ചെയ്യുന്നതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റാണി ജോർജ്ജ്

സെക്രട്ടറി

ശ്രീ അരുൺദാസ് ആർ, അരുൺ നിവാസ്, പീപ്പിൾ നഗർ, ചന്തവിള ,കാച്ചാണി, കരകുളം പി ഒ, തിരുവനന്തപുരം

ഡയറക്ടർ, ടൂറിസം വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ , കോർപ്പറേറ്റ് ഓഫീസ്, മാസ്കറ്റ് സ്ക്വയർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I&II), കേരളം, തിരുവനന്തപുരം

പൊതു ഭരണ ( എസ്.സി) വകുപ്പ് (ഇനം നം: 4383 ; തീയതി:17-12-2020 പ്രകാരം).

ആസൂത്രണ സാമ്പത്തിക കാര്യ(ബി പി ഇ) വകുപ്പ് ( PLGEA-BPE2/90/2020-PLGEA പ്രകാരം)

വിവരപൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-12-2020

ഫയൽ നം. ടൂർ-ബി1/188/2018-ടൂർ. ഇനം നം: 4383

വിഷയം : ടൂറിസം വകുപ്പ് - കെ ടി ഡി സി - ശ്രീ. അരുൺദാസ് ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിക്കുന്നതിൽ വരുത്തിയ കാലവിളംബം മാപ്പാക്കി നിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, ടൂറിസം വകുപ്പ്.

**കേരള സർക്കാർ**

**(ശ്രീ പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രി സഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ടൂർ -ബി1 /188/2018-ടൂർ |
| 2. | വകുപ്പ് | : | ടൂറിസം (ബി) വകുപ്പ് |
| 3. | വിഷയം | : | ടൂറിസം- കെ ടി ഡി സി -ശ്രീ അരുൺദാസ് ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിക്കുന്നതിൽ വരുത്തിയ കാലവിളംബം മാപ്പാക്കി നിയമനം നൽകുന്നത് -സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി ; | : | 12.10.2020 |
| 5. | (1) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>(2) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | :<br>: | 1) അതെ<br>2) ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്; | : | ശ്രീ ബി എസ് പ്രകാശ് |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര്; | : | ശ്രീമതി റാണി ജോർജ്ജ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി; | : | 23.10.2020 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് ; | | ഡോ . വിശ്വാസ് മേത്ത |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി ; | : | 12.11.2020 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് ; | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി; | | 19.11.2020 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി; | : | 14.12.2020 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി ; | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും; | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

വിനോദ സഞ്ചാര വകുപ്പിന് കീഴിലുള്ള പൊതു മേഖലാ സ്ഥാപനമായ കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷനിലെ (കെ.ടി.ഡി.സി) ജീവനക്കാരനായിരിക്കെ മരണമടഞ്ഞ കെ.രവീന്ദ്രന്റെ മകൻ ശ്രീ.അരുൺ ദാസ്.ആർ ആശ്രിത നിയമനത്തിനു അപേക്ഷ സമർപ്പിക്കാൻ വൈകിയത് മാപ്പാക്കി, ആശ്രിത നിയമനം നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ വിഷയം.

2) ശ്രീ അരുൺ ദാസിന്റെ പിതാവായ കെ രവീന്ദ്രൻ കെ ടി ഡി സി യിൽ അസിറ്റന്റ് കുക്ക് തസ്തികയിൽ ജോലി ചെയ്തു വരവേ 07.11.2002 തീയതി നിര്യാതനായി. കെ രവീന്ദ്രന്റെ മകനായ കാച്ചാണി , ചന്തവിള , വീപ്പിൾ നഗർ അരുൺ നിവാസിൽ ശ്രീ അരുൺദാസ് ആർ ന്റെ ജനന തീയതി 17 .05 1994 ആണ് . ശ്രീ അരുൺദാസ് ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിച്ചത് 07-07-2018 തീയതിയാണ്. ആശ്രിതനിയമനത്തിന് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അപേക്ഷകന് 18 വയസ്സ് തികഞ്ഞു 5 വർഷത്തിനകം ആശ്രിത നിയമത്തിനുള്ള അപേക്ഷ സമർപ്പിച്ചിരിക്കണം. എന്നാൽ ശ്രീ അരുൺദാസ് ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിച്ചത് ടിയാന് 18 വയസ്സ് തികഞ്ഞ് 6 വർഷം കഴിഞ്ഞാണ്. കെ ടി ഡി സി യിൽ ബിൽ ക്ലാർക്ക് തസ്തികയിൽ നിയമനത്തിന് അപേക്ഷിച്ചിട്ടുള്ള ശ്രീ അരുൺ ദാസ് ആർ , എസ് എൽ എൽ സി പരീക്ഷ വിജയിച്ചിട്ടുണ്ട്.

3)മാനസികാസ്വാസ്ഥ്യത്തിന് ചികിത്സയിലായിരുന്ന മാതാവിന്റെ ചികിത്സയ്ക്കും സംരക്ഷണത്തിനും പരിചരണത്തിനുമായി സമയം ചിലവഴിക്കേണ്ടി വന്നതും വീട്ടിലെ പരിതാപകരമായ അവസ്ഥയുമാണ് അപേക്ഷ സമർപ്പിയ്ക്കുന്നതിൽ കാലതാമസത്തിന് ഇടയാക്കിയത് എന്നും ഇത് കണക്കിലെടുത്തു മാനുഷിക പരിഗണന നൽകി അപേക്ഷ സമർപ്പിക്കുന്നതിൽ മനഃപൂർവ്വമല്ലാതെ സംഭവിച്ച കാലതാമസത്തിന് മാപ്പ നൽകി തന്റെ അപേക്ഷ പരിഗണിക്കണമെന്നും ശ്രീ.അരുൺ ദാസ്.ആർ അപേക്ഷിച്ചിരുന്നു.

4) മേൽ സാഹചര്യത്തിൽ സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം കെ.ടി.ഡി.സി യിലെ 9190–15780 ശമ്പള സ്കെയിലിലുള്ള ബിൽ ക്ലാർക്ക് തസ്തികയിൽ ശ്രീ അരുൺ ദാസിന് സർക്കാരിന്റെ അനുമതിയ്ക്ക് വിധേയമായി ജോലി നൽകുന്നതിന് സർക്കാരിലേക്ക് ശിപാർശ ചെയ്യാൻ കെ ടി ഡി സി യുടെ ബോർഡ് യോഗത്തിൽ തീരുമാനമെടുത്തു. തുടർന്ന് ശ്രീ.അരുൺദാസ്.ആർ–ന് ആശ്രിതനിയമനം നൽകുന്നതിനായുള്ള അപേക്ഷ നിലവിലുള്ള ഉത്തരവുകൾ പ്രകാരം ജില്ലാകളക്ടറുടെ റിപ്പോർട്ട് ഉൾപ്പെടെയുള്ള എല്ലാ രേഖകളോടും കൂടി കെ ടി ഡി സി മാനേജിംഗ് ഡയറക്ടർ സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

5. പൊതുമേഖലാ സ്ഥാപനങ്ങളിലെ ആശ്രിത നിയമനം സംബന്ധിച്ച വിഷയം പരിശോധിക്കുന്ന ആസൂത്രണ സാമ്പത്തിക കാര്യ (ബി.പി.ഇ) വകുപ്പിലേക്ക് കെ ടി ഡി സി യിൽ നിന്നും ലഭിച്ച എല്ലാ രേഖകൾ സഹിതം അയച്ചപ്പോൾ ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു .

*" KTDC യിൽ അസിസ്റ്റന്റ് കുക്ക് ആയിരിക്കെ മരണമടഞ്ഞ രവീന്ദ്ര നാഥിന്റെ മകൻ ശ്രീ. അരുൺ ദാസ്.ആർ ന് ബിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നല്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. അപേക്ഷ തീയതി 07/07/2018 ആണ്. നിശ്ചിത തീയതി കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞ ശേഷമാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ഈ വകുപ്പിന്റെ 07/06/2007–ലെ സ.ഉ (പി ) 32 / 2007 /പ്ലാനിംഗ് നമ്പർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശ പ്രകാരം ജീവനക്കാരന്റെ മരണം കഴിഞ്ഞ് 5 വർഷത്തിനകമോ അപേക്ഷകൻ മൈനർ ആണെങ്കിൽ 18 വയസ്സ് തികഞ്ഞു 5 വർഷത്തിനകമോ ആശ്രിതനിയമന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കണം. ബാക്കി നിർദ്ദേശങ്ങളെല്ലാം പാലിച്ചിട്ടുള്ളതായി കാണുന്നു. കാലതാമസം നേരിട്ടതിന് ടിയാൻ സമർപ്പിച്ചിരിക്കുന്ന കാരണങ്ങൾ പരിഗണനാർഹമായതിനാൽ ടിയാൻ അപേക്ഷ സമർപ്പിക്കുന്നതിൽ വരുത്തിയ കാലവിളംബം മാനുഷിക പരിഗണന നൽകി മന്ത്രി സഭായോഗതീരുമാന പ്രകാരം മാപ്പാക്കാവുന്നതാണെന്ന് ഈ വകുപ്പ് ശുപാർശ ചെയ്യുന്നു "*

6) ആസൂത്രണ സാമ്പത്തിക കാര്യ (ബി.പി.ഇ) വകുപ്പിന്റെ അഭിപ്രായ പ്രകാരം, കാലതാമസം നേരിട്ടതിന് ശ്രീ അരുൺ ദാസ് ആർ സമർപ്പിച്ചിരിക്കുന്ന കാരണങ്ങൾ പരിഗണനാർഹമായതിനാൽ ടിയാൻ അപേക്ഷ സമർപ്പിക്കുന്നതിൽ വരുത്തിയ കാലവിളംബം മാനുഷിക പരിഗണന നൽകി മാപ്പാക്കി കെ ടി ഡി സി യിലെ 9190 – 15780

ശമ്പള സ്കെയിലിലുള്ള ബിൽ ക്ലാർക്ക് തസ്തികയിൽ ടിയാന് ആശ്രിത നിയമനം നൽകുന്ന വിഷയം മന്ത്രി സഭയുടെ പരിഗണയ്ക്ക് സമർപ്പിക്കുന്നതിന് അംഗീകാരത്തിനായി ഫയൽ ബഹു സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി മുഖേന ബഹു മുഖ്യമന്ത്രിയ്ക്ക് സമർപ്പിക്കുകയും ആയത് അംഗീകരിച്ച് ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയും ചെയ്തിട്ടുണ്ട് .

## തീരുമാനിക്കേണ്ട വിഷയം

കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ (കെ.ടി.ഡി.സി) അസിസ്റ്റന്റ് കുക്ക് ആയി ജോലി ചെയ്തു വരവെ മരണമടഞ്ഞ കെ.രവീന്ദ്രന്റെ മകൻ ശ്രീ.അരുൺ ദാസ്.ആർ ആശ്രിതനിയമനത്തിനായുള്ള അപേക്ഷ സമർപ്പിക്കുന്നതിൽ വരുത്തിയ കാലവിളംബം മാനുഷിക പരിഗണന നൽകി മാപ്പാക്കി കെ ടി ഡി സി യിലെ Rs: 9190 - 15780 എന്ന ശമ്പള സ്കെയിലിലുള്ള ബിൽ ക്ലാർക്ക് തസ്തികയിൽ നിലവിലുള്ള ആശ്രിത നിയമനവ്യവസ്ഥയനുസരിച്ച് നിയമനം നൽകുന്നതിന് അനുമതി നല്കാവുന്നതാണോ?